**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2306** **03-03-2025 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ ബഡ്സ് സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ എത്ര ബഡ്സ് സ്കൂളുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ; | (എ) | മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിൽ നീഹാരം ബഡ്സ് സ്കൂൾ എന്ന ഒരു ബഡ്സ് സ്കൂൾ നിലവിലുണ്ട്. |
| (ബി) | ബഡ്സ് സ്കൂളുകൾക്കും ബഡ്സ് സ്കൂളുകളിലെ കുട്ടികളെ പരിചരിക്കുന്ന ആയമാർക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | പുതുതായി ആരംഭിക്കുന്ന ബഡ്സ് സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൌകര്യ വികസനത്തിനും, തെറാപ്യൂട്ടിക് സൌകര്യങ്ങൾ ഒരുക്കുന്നതിനുമായി വിശദമായ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 25 ലക്ഷം രൂപ വരെ അനുവദിക്കുന്നു. സ്പെഷ്യൽ ടീച്ചർമാർ, ആയ, തെറാപ്പിസ്റ്റുകൾ എന്നിവർക്കുള്ള ഹോണറേറിയം, കുട്ടികൾക്കുള്ള ഭക്ഷണം, സ്കോളർഷിപ്പ് ബത്ത എന്നിവക്ക് ഗ്രാമപഞ്ചായത്ത് പദ്ധതി രൂപികരിച്ച് തുക ചെലവഴിക്കുന്നു. ആരോഗ്യ സേവനം ആരോഗ്യ വകുപ്പ് മുഖേന നൽകുന്നു. കുട്ടികളെ സ്കൂളിലേക്കും, തിരിച്ച് വീട്ടിലേക്കും എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ വാഹനസൗകര്യം ഏർപ്പെടുത്തുന്നുണ്ട്. രജിസ്ട്രേഷൻ ഉള്ള ബഡ്സ് സ്കൂളുകൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പ് വഴി ഗ്രാന്റ് നൽകുന്നു. |

സെക്ഷൻ ഓഫീസർ